കേരളം സർക്കാർ

പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം

ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്

തമ്പാനൂർ, തിരുവനന്തപുരം-695001

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

വിജ്ഞാപനം

ബി.ഫാം (ലാറ്ററൽ എൻട്രി) - 2026

ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശന പരീക്ഷ വിവിധ സംവരണ ആനുകൂല്യ സർട്ടിഫിക്കറ്റുകൾ മുൻകൂട്ടി വാങ്ങാവുന്നതാണ്

ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ 2026 നവംബർ അവസാനം കോഴിക്കോട്, എറണാകുളം, തിരുവനന്തപുരം എന്നീ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നു. അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള അവസരം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പിന്നീട് ലഭ്യമാക്കുന്നതാണ്. വിവിധ സംവരണ ആനുകൂല്യം, ഫീസ് ആനുകൂല്യം തുടങ്ങിയവ ലഭിക്കുന്നതിന് അർഹരായ വിദ്യാർത്ഥികൾ കാറ്റഗറി/സംവരണം/വരുമാനം തുടങ്ങിയ തെളിയിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ മുൻകൂട്ടി വാങ്ങിവയ്ക്കാവുന്നതാണ്.

റവന്യൂ അധികാരികളിൽ നിന്ന് ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

1. വില്ലേജ് ഓഫീസറിൽ നിന്നുള്ള **കേരള സർക്കാർ പഠനാവശ്യങ്ങൾ**ക്കായി നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് (സാമൂഹികവും, വിദ്യാഭ്യാസപരവുമായി പിന്നാക്കം നിൽക്കുന്ന (SEBC) വിഭാഗക്കാരും, മറ്റർഹ സമുദായത്തിൽപ്പെട്ട (OEC) വിദ്യാർത്ഥികളും). (ജോലി ആവശ്യത്തിനോ, കേന്ദ്ര ആവശ്യത്തിനുള്ളതോ, മറ്റ് ഏതെങ്കിലും ആവശ്യത്തിനോ നൽകുന്ന നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് പരിഗണിക്കുന്നതല്ല.)
2. തഹസിൽദാരിൽ നിന്നുള്ള ജാതി സർട്ടിഫിക്കറ്റ് (SC/ST വിഭാഗക്കാർക്ക്).
3. വില്ലേജ് ഓഫീസർ നൽകുന്ന സമുദായ സർട്ടിഫിക്കറ്റ്(നോൺ ക്രിമീലെയറിൽപ്പെടാത്ത OEC വിഭാഗക്കാർ).
4. വില്ലേജ് ഓഫീസിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്.
5. G.O.(Ms) No.10/2014/BCDD, date 23.05.2014 പ്രകാരം മറ്റർഹ സമുദായങ്ങളിൽപ്പെട്ട വിദ്യാർത്ഥകൾ വിദ്യാഭ്യാസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് ജാതി/നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റും, വരുമാന സർട്ടിഫിക്കറ്റും ബന്ധപ്പെട്ട വില്ലേജ് ഓഫീസറിൽ നിന്നും വാങ്ങേണ്ടതാണ്.
6. മിശ്ര വിവാഹിതരുടെ മക്കൾക്ക് (SEBC/OEC) സംവരണം/ഫീസാനുകൂല്യം ലഭിക്കുന്നതിന്

അവർ വില്ലേജ് ഓഫീസിൽ നിന്നും നോൺ ക്രിമീലെയർ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്. എന്നാൽ മിശ്ര വിവാഹിതരിൽ ഒരാൾ SC/ST വിഭാഗത്തിൽപ്പെട്ടയാളാണെങ്കിൽ അവരുടെ മക്കൾ ക്ക് S C / S T വിഭാഗങ്ങൾക്കു ലഭ്യമാകുന്ന ഫീസാനുകൂല്യങ്ങൾ ലഭിക്കുന്നതിന് തഹസിൽദാർ നൽകുന്ന മിശ്ര വിവാഹ സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.

7. വിദ്യാർത്ഥികളുടെ ജനന സ്ഥലം രേഖപ്പെടുത്തിയിട്ടുള്ള സ്ക്കൂൾ സർട്ടിഫിക്കറ്റ്/ജനന സർട്ടിഫിക്കറ്റ് നേറ്റിവിറ്റി തെളിയിക്കുന്നതിനായി പരിഗണിക്കുന്നതാണ്. സ്ക്കൂൾ സർട്ടിഫിക്കറ്റ് / പാസ്സ്പോർട്ട്/ ജനന സർട്ടിഫിക്കറ്റിൽ ജനന സ്ഥലം രേഖപ്പെടുത്തിയിട്ടില്ലെങ്കിൽ വില്ലേജ് ഓഫീസർ നൽകുന്ന നേറ്റിവിറ്റി സർട്ടിഫിക്കറ്റ് വാങ്ങേണ്ടതാണ്.
8. ഓൺലൈൻ അപേക്ഷയോടൊപ്പം നിശ്ചിത തീയതിയ്ക്കകം ഓൺലൈനായി സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സംവരണാനുകൂല്യം അനുവദിക്കുന്നതിന് പരിഗണിക്കുകയുള്ളൂ എന്നതിനാൽ ഓരോ കാറ്റഗറിയ്ക്കും റവന്യൂ അധികാരികൾ നിശ്ചയിച്ചിട്ടുള്ള കാലാവധിയ്ക്കുള്ളിലുള്ള സർട്ടിഫിക്കറ്റുകൾ ഓൺലൈൻ അപേക്ഷ ക്ഷണിക്കുന്ന സമയം അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യുന്നതിനായി മുൻകൂട്ടി വാങ്ങി സൂക്ഷിക്കേണ്ടതാണ്.

അപേക്ഷാ സമർപ്പണം, അലോട്ട്മെന്റ് തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ലഭിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റായ **www.cee.kerala.gov.in**-ൽ വിദ്യാർത്ഥികൾ നിരന്തരം സന്ദശിക്കേണ്ടതാണ്.

ഹെൽപ് ലൈൻ നമ്പർ : 0471-2332120, 2338487

Digitally signed by
R Manoj
Date: 04-11-2026
13:12:06

ജോയിന്റ് കമ്മീഷണർ (അക്കാദമിക്)
പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി

തിരുവനന്തപുരം
04-11-2026